# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5275** **02.07.2013ലെ മറുപടിയ്ക്ക്**

## ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | മറുപടി<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥർക്കെതിരെ അഴിമതി കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; | എ) | അഴിമതിയുമായി ബന്ധപ്പെട്ട് 91 പേർക്കെതിരെ വകുപ്പ് തലത്തിലും ഗവൺമെന്റ് തലത്തിലും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | ബി) | 7 പേർക്കെതിരെ നടപടി 'censure' ആയി അവസാനിപ്പിച്ചു. 4 പേരുടെ ഇൻക്രിമെന്റ് തടഞ്ഞുവച്ചു. 10 പേർ കുറ്റക്കാരല്ല എന്ന് കണ്ട് നടപടി അവസാനിപ്പിച്ചു.<br>ബാക്കിയുള്ളവർക്കെതിരായ നടപടികൾ പൂർത്തിയായി വരുന്നു. |
| സി) | ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം ഉപകരണങ്ങളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | സി) | വാണിജ്യ നികുതി വകുപ്പ് അമരവിള ചെക്ക്പോസ്റ്റിൽ CCTV നിരീക്ഷണ സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ സംവിധാനം മറ്റ് ചെക്ക്പോസ്റ്റുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.